LIBRARY ARCHIVES Kerala Legislative Assembly

പ്രൈമറി പ്രഥമാദ്ധ്യാപകർ ഇല്ലാത്ത എല്ലാ എൽ.പി./യു.പി. സ്കൂളുകളിലും സീനിയർ അദ്ധ്യാപകർക്ക് പ്രൈമറി പ്രഥമാദ്ധ്യാപകന്റെ ചുമതല നൽകിയിട്ടുണ്ട്. അതുകൊണ്ടുതന്നെ പ്രഥമാദ്ധ്യാപകർ ഇല്ലാത്ത സാഹചര്യം സ്കൂളുകളിലെ അക്കാദമിക്/ അഡ്മിനിസ്ട്രേഷൻ ഉൾപ്പടെയുള്ള ദൈനംദിനപ്രവർത്തനങ്ങളെ ബാധിക്കുന്നില്ല.

(ഇ) നിലവിലുള്ള ഒഴിവുകളിൽ പ്രമോഷൻ നൽകുന്നതിനും വിദ്യാലയങ്ങളുടെ പ്രവർത്തനം സുഗമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഹെഡ്മാസ്റ്റർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നടത്തുന്നതിന് സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നെങ്കിലും ആയത് ട്രിബ്യൂണൽ സ്റ്റേ ചെയ്യുകയുണ്ടായി. ആയത് നീക്കി, ഹെഡ്മാസ്റ്റർ തസ്തിക പ്രൊമോഷൻ നടത്തുന്നതിന് അഡ്വക്കേറ്റ് ജനറലുമായി കൂടിയാലോചിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

ഹയർ സെക്കണ്ടറി ബാച്ചുകളിൽ തസ്തിക സൃഷ്ടിക്കൽ

224(4234) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ ഡി.പി.സി. ലിസ്റ്റ് തയ്യാറാക്കുന്നതിലും പ്രൊമോഷൻ നല്കുന്നതിലും 23-7-2018-ലെ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) സർക്കുലർ നമ്പർ 1/310/2018 ഉഭപവ, 1958-ലെ കെ.എസ്.&എസ്.എസ്.ആർ. രണ്ടാം ഭാഗം ചട്ടം 28(ബി) എന്നിവ പ്രകാരമുള്ള വ്യവസ്ഥകളും നടപടിക്രമങ്ങളും വർഷങ്ങളായി പാലിക്കാറില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഭരണപരമായ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും മനഃപൂർവ്വമായ വീഴ്ച വരുന്നതായി കണ്ടെത്തിയിട്ടില്ല.

(ബി) 2014 മുതൽ ഗവ. ഹയർ സെക്കണ്ടറിയിലും മോഡൽ റസിഡൻഷ്യൽ സ്കൂളിലുമുൾപ്പെടെ അനുവദിച്ച ഹയർ സെക്കണ്ടറി ബാച്ചുകളിൽ എത്ര തസ്തിക സൃഷ്ടിക്കാനുണ്ടെന്നും പ്രസ്തുത സ്കൂളുകളിൽ സ്ഥിരാദ്ധ്യാപകർ ഇല്ലാത്തതിനാൽ കുട്ടികൾ കൊഴിഞ്ഞുപോകുന്നുണ്ടെന്നുമുള്ള വസ്തുതയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാ മോ?

2014 മുതൽ അനുവദിച്ച ഹയർ സെക്കണ്ടറി ബാച്ചുകളിൽ മതിയായ എണ്ണം വിദ്യാർത്ഥികൾ ഇല്ലാത്തതിനാൽ, സൃഷ്ടിക്കാത്ത 209 തസ്തികകളാണുള്ളത്. മോഡൽ

LIBRARY ARCHIVES Kerala Legislative Assembly

റസിഡൻഷ്യൽ സ്കൂളുകളിൽ 95 തസ്തികകൾ സൃഷ്ടിക്കാനുണ്ട്. സ്ഥിരാദ്ധ്യാപകർ ഇല്ലാത്തതിനാൽ കുട്ടികൾ കൊഴിഞ്ഞുപോകുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്ഥിരം അദ്ധ്യാപകരില്ലാത്ത ഹയർ സെക്കണ്ടറി ബാച്ചുകളിൽ ദിവസവേതനാടി സ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിച്ച് അദ്ധ്യയനം നടത്തിവരുന്നുണ്ട്.

(സി) ഉദ്യോഗസ്ഥ ഭരണപരിഷ്കാര (അഡ്വൈസ്-സി) വകുപ്പിന്റെ 8-6-2021-ലെ സ.ഉ. (കൈ)നം.13/2021/ഉഭപവ ഉത്തരവ് പ്രകാരം വിവിധ എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തികയിൽ എത്ര ഒഴിവുകളാണ് ഡീകേഡർ ചെയ്ത് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർസെക്കണ്ടറി വിഭാഗത്തിൽ HSST (Jr) തസ്തികകൾ ഡീ കേഡർ ചെയ്ത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ട സാഹചര്യമില്ല. HSST തസ്തികകളിലെ ഒഴിവുകൾ പ്രതീക്ഷിത ഒഴിവുകളായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

(ഡി) ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ കഴിഞ്ഞ കുറേ വർഷങ്ങളായി വിരമിക്കൽ ഒഴിവുകൾ നികത്തുന്നതിൽ രണ്ട് വർഷത്തിന്മേലുള്ള അസാധാരണമായ കാലതാമസം വരുന്നുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പൊതുവിദ്യാഭ്യാസ രംഗത്തിനെ ഗുരുതരമായി ബാധിക്കാൻ ഇടയുള്ളതിനാൽ ഈ പ്രവണത അവസാനിപ്പിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഇക്കാര്യത്തിൽ ഭരണപരമായ കാലതാമസം നേരിടുന്നുണ്ട്. കാലതാമസം ഒഴിവാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) തസ്തിക

225(4235) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ ജില്ലയിലെ പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) തസ്തികയിലേയ്ക്ക് 2022 ജൂലൈ 31 വരെ വരാൻ സാദ്ധ്യതയുള്ള പ്രൊമോഷൻ/ റിട്ടയർമെന്റ് ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കുമോ?

സാദ്ധ്യതയുള്ള പ്രൊമോഷൻ ഒഴിവ്	- 3
റിട്ടയർമെന്റ് ഒഴിവ്	- 2
ആകെ	- <u>5</u>